**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2847** **03-08-2021 - ൽ മറുപടിയ്ക്ക്**

**എൻജിനീയറിങ്ങ് കോളേജുകളിൽ നിന്ന് പഠിച്ചിറങ്ങുന്നവരുടെ നൈപുണ്യ ശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എൻജിനീയറിങ്ങ് കോളേജുകളിൽ നിന്ന് പഠിച്ചിറങ്ങുന്നവർ നൈപുണ്യശേഷി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് കെ.ടി.യു. എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) | എ പി ജെ അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവകലാശാല 2015 മുതൽ outcome based education system ആണ് പിൻതുടരുന്നത്. അതിൻപ്രകാരം കോഴ്സുകളിലൂടെ വിദ്യാർത്ഥികളുടെ നൈപുണ്യം വിലയിരുത്തപ്പെടുന്നു. വിദ്യാർത്ഥികളിൽ സ്വയം പഠനം (self Learning) പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ Project management, finance management എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമാണ്. |
| (ബി) | ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ പാശ്ചാത്യ മാതൃകയിൽ ക്രെഡിറ്റ് ബേസ്ഡ് ആക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | എ പി ജെ അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവകലാശാല ക്രെഡിറ്റ് ബേസ്ഡ് സിസ്റ്റം ആണ് പിൻതുടരുന്നത്. |
| (സി) | സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ വ്യക്തമാക്കാമോ? | (സി) | പരീക്ഷ കഴിഞ്ഞ് ഒന്നര മുതൽ മൂന്ന് മാസത്തിനുള്ളിൽ സർവകലാശാല സാധാരണയായി മൂല്യനിർണയ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഫലം പ്രസിദ്ധീകരിച്ചതിന് ശേഷം മൂന്ന് മാസത്തിനുള്ളിൽ പുനർമൂല്യനിർണയ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നു. അതിന്റെ മൂല്യനിർണ്ണയ പ്രക്രിയ മെച്ചപ്പെടുത്തുന്നതിന് വേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. * മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഹാജരാകാത്ത പരീക്ഷകർക്ക് പിഴ ചുമത്താൻ തീരുമാന മെടുത്തിരുന്നു. *മൂല്യനിർണ്ണയത്തിൽ ഗുരുതരമായ തെറ്റുകൾ വരുത്തുന്ന പരീക്ഷകർക്കും പിഴ ചുമത്തുന്നു (5,000 രൂപയാണ് പിഴ ഈടാക്കുന്നത്). |

സെക്ഷൻ ഓഫീസർ